കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനലൂർ നഗരസഭ - ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത 342 ഭവനങ്ങൾക്ക് ധനസഹായത്തിനായി നിർവ്വഹണം സാധ്യമല്ലാത്ത മറ്റ് പദ്ധതികളിലെ ഫണ്ട് വിനിയോഗം - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3926/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 06/12/2017.

---

വായന:- 1. പുനലൂർ നഗരസഭാ ചെയർമാന്റെ 09/11/2017 ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017 ലെ 4.45 നമ്പർ തീരുമാനം.

**ഉത്തരവ്**

പുനലൂർ നഗരസഭയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ നിർമ്മാണം പൂർത്തിയാകാത്ത 342 ഭവനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നഗരസഭയിലെ വാർഷികപദ്ധതിയിൽ നിർവ്വഹണം സാധ്യമല്ലാത്ത പ്രോജക്ടുകളിൽ നിന്നും മേഖലാ വിഭജനം കണക്കാക്കാതെ തുക വകയിരുത്താൻ അനുവദിക്കണമെന്നും വനിതകൾ അപേക്ഷകരായുള്ള ഭവന നിർമ്മാണങ്ങൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവദിക്കണമെന്നും വായന (1) പ്രകാരം പുനലൂർ നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരുന്നു.

വായന (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണം സാധ്യമല്ലാത്ത പ്രോജക്ടുകളിൽ നിന്നും ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നതിന് അനുമതി നിരസിച്ചുകൊണ്ടും എന്നാൽ ലൈഫ് പദ്ധതിയായതിനാലും വികസന ഫണ്ട് കുറവായതിനാലും വനിതകളുടെ ഉടമസ്ഥതയിലുള്ള വീടുകൾക്ക് വനിതാഘടക പദ്ധതിയിൽ നിന്നും പരമാവധി 50 ശതമാനം തുക ഈ വർഷത്തേക്ക് മാത്രം വകയിരുത്താൻ പ്രത്യേക അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, പുനലൂർ നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ